# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2452 — 08.05.2017-ൽ മറുപടിക്ക്

## കുന്നംകുളം താലൂക്ക് രൂപീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.യു. ആർ. പ്രദീപ് | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | 2017-18 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുന്നംകുളം താലൂക്ക് രൂപീകരണം നടപടിക്രമം ഏതു ഘട്ടത്തിലാണ്; | (എ) | കുന്നംകുളം ആസ്ഥാനമായി താലൂക്ക് രൂപീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറോട് വിശദമായ പ്രൊപ്പോസൽ ആവശ്യപ്പെട്ടിരിക്കുകയാണ് |
| (ബി) | ജനസാന്ദ്രത കൊണ്ടും വില്ലേജുകളുടെ എണ്ണം കൊണ്ടും മുൻപന്തിയിൽ നിൽക്കുന്ന തലപ്പിള്ളി താലൂക്ക് വിഭജിച്ച കുന്നംകുളം ആസ്ഥാനമായി പുതിയ താലൂക്ക് ആരംഭിക്കുന്നതിന് മുൻ സർക്കാരിന്റെ മുന്നിൽ നിയമപരമായ തടസ്സങ്ങൾ വല്ലതും ഉണ്ടായിരുന്നോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സംസ്ഥാനത്ത് പുതിയ താലൂക്കുകൾ അനുവദിക്കുന്നതിനായി റവന്യൂ വകുപ്പ് പഠിച്ച തയ്യാറാക്കിയ ലിസ്റ്റിൽ വളരെ മുന്നിൽ ഉണ്ടായിരുന്ന കുന്നംകുളത്തെ ഒഴിവാക്കിയ നടപടി വൻ ജനകീയ പ്രതിഷേധത്തിന് ഇടയാക്കിയതാണെന്നതു കണക്കിലെടുത്ത് കഴിവതും വേഗത്തിൽ കുന്നംകുളം താലൂക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്ന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച ശേഷം കുന്നംകുളം ആസ്ഥാനമാക്കി താലൂക്ക് രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ